# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2529 — 07-10-2016 ൽ മറുപടിയ്ക്ക്

### തീരദേശ കപ്പൽ സർവ്വീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. എം. വിൻസെന്റ് :<br>ശ്രീ. വി. ഡി. സതീശൻ :<br>ശ്രീ. വി. എസ്. ശിവകുമാർ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് തീരദേശ കപ്പൽ സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കൊല്ലം തുറമുഖത്ത് 09-11-2013 ന് നടത്തുകയുണ്ടായി. ആദ്യഘട്ടത്തിൽ കൊല്ലം , വിഴിഞ്ഞം , ബേപ്പൂർ, കൊടുങ്ങല്ലൂർ , അഴീക്കൽ എന്നീ തുറമുഖങ്ങളിൽക്കൂടിയാണ് ചരക്ക് ഗതാഗതം നടത്താൻ തീരുമാനിച്ചിട്ടുള്ളത്. ഈ പദ്ധതി വടക്കൻ കേരളത്തിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 30-10-2014 ന് അഴീക്കൽ പോർട്ടിലും കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിയുടെ ഭാഗമായുള്ള കണ്ടെയ്നറുകളുടേയും ചരക്കുകളുടെയും ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. ഘട്ടം ഘട്ടമായി ഈ പദ്ധതി വിഴിഞ്ഞം , ബേപ്പൂർ, കൊടുങ്ങല്ലൂർ തുറമുഖങ്ങളിലേക്ക് വ്യാപിക്കുന്നതാണ്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിയനുസരിച്ച് കൈവരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത് ; | (ബി) സംസ്ഥാനത്തെ തീരദേശ വികസനം ലക്ഷ്യം വച്ചുകൊണ്ടാണ് സർക്കാർ തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പിലാക്കി വരുന്നത്. നിലവിൽ റോഡ് / റെയിൽ മാർഗ്ഗം നീങ്ങുന്ന ചരക്കുകളേയും, യാത്രക്കാരേയും താരതമ്യേന ചെലവ് കുറഞ്ഞതും പാരിസ്ഥിതിക സൗഹാർദ്ദവുമായ ജലഗതാഗത മേഖലയിലേക്ക് ആകർഷിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. നിലവിൽ റോഡ് / റെയിൽ മാർഗം നീക്കം ചെയ്യുന്ന ചരക്കിന്റെ 40% 2020 ഓടെയും, 50% 2030 ഓടെയും തീരദേശ കപ്പൽ ഗതാഗതം വഴിയാക്കുക എന്നതാണ് പദ്ധതിയുടെ മുഖ്യ ഉദ്ദേശ ലക്ഷ്യം. |

| | | |
|---|---|---|
| (സി) | സർവ്വീസ് നടത്തുന്ന കപ്പലു കൾക്ക് എന്തെല്ലാം ഇൻസെന്റീ വുകളാണ് അനുവദിച്ചിട്ടുള്ളത്, വിവരിക്കുമോ ? | (സി) തീരദേശ കപ്പൽ ഗതാഗതം വർദ്ധിപ്പിക്കുന്നതിനായി Rs.1/tonne/Km എന്ന നിരക്കിൽ സർക്കാർ ഇൻസെന്റീവ് അനുവദിച്ച് വരുന്നുണ്ട്. കൂടാതെ സർക്കാർ നിയന്ത്രണത്തിലുള്ള ചെറുകിട തുറമുഖങ്ങളിൽ തീരദേശ ചരക്കുകൾ കൈകാര്യം ചെയ്യുന്നതിന് ഈടാക്കുന്ന ഹാൻഡിലിംഗ് ചാർജ്ജിൽ 50% ഇളവ് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**